കലാകൗമുദി. 1980 ഫെബ്രുവരി 10

# അമേരിക്കയുടെ ഇരട്ട മുഖം

മധു നായർ
വാഷിങ്ടണിൽനിന്ന്

ഇറാനിലെ അയാത്തുള്ളാഖൊമൈനിയുടെ ശരിയായ ശത്രു അമേരിക്കയോ, അതോ റഷ്യയോ? അഫ്ഗാനിസ്ഥാനിലേക്കായിരിക്കുന്ന റഷ്യയുടെ സൈനിക നടപടികളുടെ പശ്ചാത്തലത്തിലാണ് ഈ ചോദ്യത്തിനു പ്രസക്തിയുള്ളത്. അമേരിക്കൻ വിദേശനയത്തിന്റെ കഴിഞ്ഞ മുപ്പതുകൊല്ലക്കാലത്തെ ചരിത്രം ഒരു മാനദണ്ഡമായി കണക്കാക്കാമെങ്കിൽ അനന്തവിദ്വേഷോവിയിൽത്തന്നെ ഖൊമൈനി ഉയർത്തിപ്പിടിച്ചിരിക്കുന്ന ഇസ്ലാമിക് ഫണ്ടമെന്റലിസത്തിന്റെ കാവൽഭടന്മാരായി അമേരിക്കയെ കാണാൻ കഴിഞ്ഞേക്കും.

കമ്മ്യൂണിസത്തെ നഖശിഖാന്തം എതിർക്കുന്ന മതപ്രസ്ഥാനങ്ങളിൽ ഇസ്ലാം ഒന്നാം നിരയിലാണ്. സൗദി അറേബ്യയടക്കം പല മുസ്ലീം രാജ്യങ്ങളും സോവിയറ്റ് യൂണിയനെപ്പോലും നയതന്ത്രബന്ധങ്ങൾക്കായി അംഗീകരിച്ചിട്ടില്ല. കുറെക്കാലങ്ങൾക്ക് മുമ്പ് കേരളത്തിലെ ഒരു സമുന്നത മുസ്ലിംലീഗ് നേതാവ് സൗദി അറേബ്യ സന്ദർശിക്കവേ അന്നവിടെ രാജാവായിരുന്ന ഫെയ്സലിനെ കാണാൻ ശ്രമിച്ചു. ലീഗ് നേതാവ്, കമ്മ്യൂണിസ്റ്റുകാർക്ക് പങ്കാളിത്തമുള്ള ഒരു മന്ത്രിസഭയിലെ അംഗമായിപ്പോയി എന്ന കാരണത്താൽ രാജാവ് സന്ദർശനാനുമതി നിഷേധിക്കുകയാണുണ്ടായത്. മുസ്ലീം ഭരണകൂടങ്ങൾക്കുള്ള കമ്മ്യൂണിസ്റ്റ് വിരോധത്തിന്റെ അളവ് ഇതിൽനിന്നും ഊഹിക്കാമല്ലോ. വിധിവൈപരീത്യമെന്നോണം മതാന്ധതയെ ശക്തിയുക്തം നേരിട്ട മാവോ സേതുങ്ങ് ഒരു ചൈനീസ് മുസ്ലീമായിട്ടാണ് ജനിച്ചത്.

അന്യരാജ്യങ്ങളുടെ മതവികാരങ്ങളെ ചൂഷണം ചെയ്ത് ആധിപത്യം സ്ഥാപിക്കുവാൻ പാശ്ചാത്യരാജ്യങ്ങൾ ശ്രമിക്കുന്നതിൽ പുതുമയൊന്നുമില്ല. ഇസ്ലാമിനെതിരായി അമേരിക്ക നീങ്ങുന്നുവെന്ന ഖൊമൈനിയുടെ പ്രചാരണം വെറുംപൊള്ളയായിരുന്നുവെന്നു തെളിഞ്ഞുകൊണ്ടിരിക്കുന്നു. പാകിസ്ഥാനിലും കാശ്മീരിലുമൊക്കെ നടന്ന അമേരിക്കൻ വിരുദ്ധപ്രകടനങ്ങൾ കഴമ്പില്ലാത്ത ഊഹാപോഹങ്ങളുടെ ഫലമായിരുന്നു. മെക്കാ പള്ളിയിൽ നടന്ന ആക്രമണങ്ങളുടെ ചുരുളുകൾ നിവർന്നപ്പോൾ കമ്മ്യൂണിസ്റ്റ് അനുഭാവമുള്ള സൗത്ത് യമന്റെ പങ്ക് വെളിവായിരിക്കുന്നു. ജനവികാരങ്ങളെ അളിച്ചുമത്തി മക്കടമുഷ്ടി കാണിച്ച്, നാട്ടുഭരിക്കുന്ന ഗൾഫ് രാജ്യങ്ങളിലെ ഷേക്കുമാർക്കെതിരായി ഉയരുന്ന പ്രതിഷേധപ്രകടനങ്ങൾക്ക് സോഷ്യലിസ്റ്റ് രാജ്യങ്ങൾ മാത്രം പിൻതുണനൽകുന്നു. സൗദി രാജവംശത്തെ ഏതുവിധേനയും നിലനിറുത്തുവാൻ അമേരിക്ക ദൃഢപ്രതിജ്ഞയെടുത്തിരിക്കുകയാണ്. ഇന്ത്യാമഹാസമുദ്രത്തിലെ ഡീഗോ ഗാർഷ്യ ദ്വീപിൽ അമേരിക്കൻ സൈനികസന്നാഹം ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു. ആഫ്രിക്കയുടെ കൊമ്പെന്നറിയപ്പെടുന്ന സോമാലിയായിലുള്ള പഴയ സോവിയറ്റ് നേവൽ ബേസ് അമേരിക്കയ്ക്കു വിട്ടുകൊടുക്കുമെന്നറിയുന്നു. ഇസ്രേലിനെ നിർബ്ബന്ധിച്ച് ഒരു പാലസ്തീനിയൻ രാഷ്ട്രം അമേരിക്കയ്ക്ക് മദ്ധ്യപൂർവ്വദേശത്തു സൃഷ്ടിക്കുവാൻ കഴിഞ്ഞെന്നുവരാം. അങ്ങനെയൊക്കെയാകുന്ന പക്ഷം മുസ്ലീം രാജവാഴ്ചയ്ക്ക് അമേരിക്കൻ സഹായം അനിവാര്യമായിത്തീരും.

എംബസി ഉദ്യോഗസ്ഥന്മാരെ തടവിലാക്കി മാനഹാനി ഉണ്ടായിട്ടുപോലും അമേരിക്ക ഇറാനെതിരായി സൈനികനടപടി സ്വീകരിക്കുവാൻ മടിക്കുന്നതു പല കണക്കുകൂട്ടലുകളുംകൊണ്ടാണ്. ഇറാനെതിരായി യു. എൻ. സെക്യൂരിറ്റി കൗൺസിൽ പാസാക്കിയ പ്രമേയത്തിൽ കൈവെറും ബംഗ്ലാദേശും നിഷ്പക്ഷത പാലിക്കുകയാണുണ്ടായത്. ഈ പശ്ചാത്തലത്തിൽ ഒരു കാരണവശാലും ഇസ്ലാമിക് രാജ്യങ്ങളെ പ്രകോപിപ്പിക്കാൻ അമേരിക്ക ഒരുങ്ങിയെന്നു വരികയില്ല. മറ്റു പാശ്ചാത്യ–യൂറോപ്യൻ രാജ്യങ്ങളുടെ വീക്ഷണവും ഏതാണ്ടിതുപോലെ തന്നെ. ഈയിടെ അമേരിക്ക സന്ദർശിക്കവേ ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ ഇക്കാര്യം തെളിച്ചു പറഞ്ഞു. സോവിയറ്റ് യൂണിയൻ അഫ്ഗാനിസ്ഥാനിൽ പട്ടാളത്തെ ഇറക്കിയതു് ഈ ചിന്താഗതിക്കു പിൻബലം നൽകിയിരിക്കുന്നു. ആരേയും കർക്കശമായി വിമർശിക്കുവാൻ മടിക്കുന്ന പ്രസിഡന്റ് കാർട്ടർപോലും ബ്രഷ്നേവിനെ ചതിയൻ എന്നു വിളിച്ചു കഴിഞ്ഞു. പഴയ അനുഭവങ്ങൾ വച്ചു നോക്കിയാൽ, റഷ്യൻ ഭടന്മാർ അഫ്ഗാനിസ്ഥാനിലുള്ളതുകൊണ്ട് ഈയിടെ അവിടെ നടന്ന വിപ്ലവത്തിന്റെ പൊരുൾ പാടെ മറന്ന്, വേണമെങ്കിൽ സൈനിക നടപടികൾപോലുമെടുത്ത് ഇപ്പോഴത്തെ ഭരണകൂടത്തെ തകർത്തിട്ട് ഒരു കാട്ടാളനെപ്പോലും അധികാരത്തിൽ വരുത്താൻ അമേരിക്ക മടിച്ചെന്നിരിക്കില്ല. റഷ്യയെ പൊൽപ്പടിയിൽ നിറുത്തുവാൻ അമേരിക്കൻ പത്രങ്ങൾ നൽകുന്ന പ്രതിവിധികൾ ബാലിശമാണ്. നിർദ്ദേശങ്ങളിൽ പ്രധാനം ഉടനെ പാകിസ്ഥാനെ ആയുധസാമഗ്രികൾകൊണ്ട് നിറയ്ക്കുകയെന്നതാണ്. ചൈനയെ വഹിക്കുവാനാണു പണ്ട് പാകിസ്ഥാന് അമേരിക്ക പ്രധാനമായും ആയുധം നൽകിയിരുന്നത്. പക്ഷേ, അതെല്ലാം ഇന്ത്യയുടെ ചിലെവിക്കാണ് പാകിസ്ഥാൻ പ്രയോഗിച്ചത്. എന്നിട്ടും തെറ്റ് ആവർത്തിക്കുന്നു. ഒരു പക്ഷേ, റഷ്യ അഫ്ഗാനിസ്ഥാനും കടന്ന് പാകിസ്ഥാനിൽ വന്നാൽപ്പോലും കുറെ അമേരിക്കൻ സൈനികസാമഗ്രികൾ കൈവശമുള്ളതിനാൽ പാകിസ്ഥാന് ചെറുത്തുനില്ക്കുവാൻ കഴിയുമെന്ന് എങ്ങനെ വിശ്വസിക്കാം? യുക്തിപരമായി ചിന്തിച്ചാൽ ഈ പരിതഃസ്ഥിതിയിൽ അമേരിക്ക ചെയ്യേണ്ടത് ഇന്ത്യയെ സഹായിക്കുകയാണ്. റഷ്യ അഫ്ഗാനിസ്ഥാനിൽ പട്ടാളത്തെ അയച്ചതു് ഒരു തരത്തിലും ഇന്ത്യയ്ക്കു സഹായകമാവില്ലല്ലോ. കഴിഞ്ഞ കാലന്തരാണ്ടിനിടയിൽ ഇന്ത്യ നേരിട്ട എല്ലാ പ്രതിസന്ധിയിലും റഷ്യ സഹായിയായിരുന്നു എന്ന വസ്തുത മറക്കാവുന്നതല്ല. എന്നിരുന്നാലും അയൽപക്കത്തുള്ള ഒരു രാജ്യത്ത് പട്ടാളത്തെ കൊണ്ടുവന്ന് ഭരണകൂടത്തെ തകിടംമറിക്കുന്ന പ്രവണത ഇന്ത്യ വളരെ ഗൗരവമായി

ഖൊമൈനി



കാർട്ടർ



ത്തന്നെ നേരിടേണ്ടിവരും. അതിനാൽ ഈ പ്രശ്നത്തിൽ ഇന്ത്യയ്ക്കു് അമേരിക്കൻ സമീപനത്തോടു യോജിപ്പുണ്ടാകാനാണ് സാദ്ധ്യത. ജനാധിപത്യ മൂല്യങ്ങൾ വേരുറച്ചിട്ടുള്ള ഒരിടത്തും അമേരിക്കയോടുള്ള മമത പാടേ വിട്ടുപോകില്ല. മുസ്ലീം രാജ്യങ്ങളോടു ശത്രുത പുലർത്താത്ത ഇന്ത്യയുടെ വിദേശനയം അമേരിക്കയ്ക്കു ഇക്കാര്യത്തിൽ ഒരു മുതൽക്കൂട്ടായിരിക്കും. നിർഭാഗ്യവശാൽ അമേരിക്കൻ ഭരണകൂടത്തിന്റെ ചുക്കാൻ പിടിക്കുന്നവർ 'ഏറാൻമൂളി' രാജ്യങ്ങളെയാണ് കൂടുതൽ ഇഷ്ടപ്പെടുന്നതു്. പ്രസിഡന്റ് കാർട്ടർ തുടക്കത്തിൽ മനുഷ്യാവകാശങ്ങളെ മുറുകെപ്പിടിക്കുമെന്നൊക്കെ ആണയിട്ടു പറഞ്ഞെങ്കിലും കാലക്രമേണ അതിൽനിന്നു വ്യതിചലിക്കുകയാണുണ്ടായതു്. അതിനാൽ ചരിത്രം വീണ്ടും ആവർത്തിച്ചേക്കും. ഖൊമൈനിയുടെ ദിനങ്ങൾ എണ്ണപ്പെട്ടതാകാം. അതു കഴിയുന്നതോടെ ഇറാൻ വീണ്ടും അമേരിക്കൻ പിടിയിൽത്തന്നെ വരുവാനാണ് സാദ്ധ്യത. അതിനെ ചെറുക്കുവാൻ കമ്മ്യൂണിസ്റ്റനുഭാവികൾ മാത്രം പ്രധാനമായും കണ്ടേക്കും. ഒരു സുപ്രഭാതത്തിൽ അഫ്ഗാനിസ്ഥാനിലുണ്ടായതുപോലെ ഒരു വിപ്ലവം ഇടതുപക്ഷക്കാരെ ഇറാനിലും അധികാരത്തിൽ വരുത്തിയേക്കാം. അതിനെ നേരിടുന്ന വെപ്രാളത്തിൽ അമേരിക്ക ഇറാനേയും റഷ്യയുടെ പിടിയിലമർത്തും. അംഗോള, മൊസാംബിക്, എത്യോപ്യ തുടങ്ങി എത്രയോ രാജ്യങ്ങളിലാണ് അമേരിക്ക ഇതേ മൗഢ്യം കാണിച്ചതു്. എന്താണിതിനു കാരണം? ജനാധിപത്യം സമ്പന്നവർഗ്ഗത്തിന്റെ മാത്രം കുത്തകയെന്നുള്ള സായിപ്പിന്റെ മനോഭാവമാകുമോ?